ജൂൺ 2014

# കോർപ്പറേറ്റ് ന്യൂസ്

എച്ച്എൽഎൽ വാർത്താപത്രിക



# എച്ച്എൽഎൽ സ്ഥാപക ദിനം, ഓർമ്മകളുടെ വിരുന്നൊരുക്കി ആദ്യ ചെയർമാൻ

എച്ച്എൽഎൽ ലൈഫ്കെയർ ലിമിറ്റഡിന്റെ മാതൃയൂണിറ്റായ പേരൂർക്കട ഫാക്ടറിയുടെ നാൽപത്തഞ്ചാം സ്ഥാപകദിനാഘോഷച്ചടങ്ങിൽ കമ്പനിയുടെ പ്രഥമ ചെയർമാനും മാനേജിങ് ഡയറക്ടറുമായ ശ്രീ കൃപാനരേന്റെ നിറസാന്നിധ്യം എച്ച്എൽഎൽ കുടുംബാംഗങ്ങൾക്ക് അനുഗ്രഹമായി. സ്ഥാപനത്തിന്റെ രൂപീകരണവും മുന്നോട്ടുള്ള വളർച്ചയും പ്രഥമ മേധാവി ചടങ്ങിൽ വിവരിച്ചു.ഗർഭനിരോധന ഉറകളുടെ ആദ്യകാലരൂപമായ 'നിരോധ്' ബ്രാൻഡിന്റെ ഉപജ്ഞാതാവായ ഇദ്ദേഹമാണ്, കുടുംബാസൂത്രണത്തിന്റെ ചിഹ്നമായി ഏറെക്കാലം ഉപയോഗിച്ചിരുന്ന ചുവന്ന ത്രികോണം ആവിഷ്കരിച്ചത്. വളർച്ചയുടെ പടവുകൾ പിന്നിട്ട എച്ച്എൽഎല്ലിന് വരും വർഷങ്ങളിലും നേട്ടങ്ങൾ കൊയ്യാൻ സാധിക്കട്ടേയെന്ന് അദ്ദേഹം ആശംസിച്ചു. കൃപാനരേനോടൊപ്പം ഭാര്യ സുശീല നരേനും ചടങ്ങിൽ പങ്കെടുത്തു. കേന്ദ്ര ആരോഗ്യമന്ത്രാലയത്തിന്റെ കീഴിൽ 1966ൽ രജിസ്റ്റർ ചെയ്ത എച്ച്എൽഎൽ 1969 ഏപ്രിൽ അഞ്ചിന് 'നിരോധ്'ഫാക്ടറിയുടെ ഉദ്ഘാടനത്തോടെയാണ് പ്രവർത്തനമാരംഭിച്ചത്. പ്രതിവർഷം 1.44 കോടി ഗർഭനിരോധന ഉറകളുടെ ഉൽപ്പാദന ശേഷിയുമായി ആരംഭിച്ച പേരൂർക്കട ഫാക്ടറി 12.46 കോടി ഉറകളുടെ ഉൽപാദനത്തിലേക്ക് വളർന്നുകഴിഞ്ഞു.

1969ൽ പ്രവർത്തനമാരംഭിച്ച എച്ച്എൽഎല്ലാണ് ഇന്ന് ആഗോളാവശ്യത്തിന്റെ 10 ശതമാനം ഗർഭനിരോധന ഉറകളും ഉൽപാദിപ്പിക്കുന്നതെന്ന് അധ്യക്ഷപ്രസംഗം നടത്തിയ സി.എം.ഡി. ഡോ. എം. അയ്യപ്പൻ ചൂണ്ടിക്കാട്ടി. ശ്രീ ആർ.പി ഖണ്ഡേൽവാൾ (ഡയറക്ടർ-ഫിനാൻസ്), ഡോ. കെ.ആർ.എസ്. കൃഷ്ണൻ (ഡയറക്ടർ-ടെക്നിക്കൽ ആൻഡ് ഓപ്പറേഷൻസ് ), ഡോ. ബാബു തോമസ് (സീനിയർ വൈസ് പ്രസിഡന്റ് -മാർക്കറ്റിങ്) തുടങ്ങിയവർ സംസാരിച്ചു. പേരൂർക്കട ഫാക്ടറി യൂണിറ്റ് ചീഫ് ശ്രീമതി അനിതാ തമ്പി സ്വാഗതവും എച്ച്.ആർ. മേധാവി ശ്രീ വിനയകുമാർ നന്ദിയും പറഞ്ഞു.




എച്ച്എൽഎല്ലിന്റെ പേരൂർക്കട ഫാക്ടറിയുടെ നാൽപത്തഞ്ചാം സ്ഥാപകദിനാഘോഷച്ചടങ്ങ് ഏപ്രിൽ 5ന് പ്രഥമ ചെയർമാനും മാനേജിങ് ഡയറക്ടറുമായ ശ്രീ കൃപാനരേൻ ഉദ്ഘാടനം നിർവ്വഹിക്കുന്നു, എച്ച്എൽഎൽ സി.എം.ഡി. ഡോ. എം. അയ്യപ്പൻ സമീപം.

സാമൂഹ്യ പ്രതിബദ്ധതയോടെയാണ് എച്ച്എൽഎൽ മുന്നോട്ടുപോകുന്നതെന്ന് ഡോ. എം. അയ്യപ്പൻ പറഞ്ഞു. സാമൂഹികപ്രതിബദ്ധത പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എച്ച്എൽഎൽ 2014 ൽ പ്രതീക്ഷ ചാരിറ്റബിൾ സൊസൈറ്റി രൂപീകരിക്കുകയുണ്ടായി. വിദ്യാഭ്യാസ- ആരോഗ്യ മേഖലകളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളെ സഹായിക്കുന്നതിലേക്കായാണ് പ്രതീക്ഷ ചാരിറ്റബിൾ സൊസൈറ്റിക്ക് രൂപം നൽകിയിരിക്കുന്നത്. ചടങ്ങിനോടനുബന്ധിച്ച് പ്രതീക്ഷ പദ്ധതിയുടെ ലോഗോ പ്രശസ്ത കവയിത്രിയും പരിസ്ഥിതി പ്രവർത്തകയുമായ ശ്രീമതി സുഗതകുമാരി പ്രകാശനം ചെയ്തു.

എച്ച്എൽഎല്ലിന്റെ പ്രവർത്തനത്തെ പ്രകീർത്തിച്ച അവർ കേരളത്തെ ഹരിതാഭമാക്കാനുള്ള ശ്രമങ്ങളിൽ എച്ച്എൽഎൽ പങ്കാളിയാകണമെന്ന് അഭ്യർഥിച്ചു.'ടാലന്റ് എക്സ്പോ'യിൽവിജയികളായവർക്കും പങ്കെടുത്തവർക്കുമുള്ള സമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും ചടങ്ങിൽ വിതരണം ചെയ്തു. 2014 ഏപ്രിൽ 1 മുതൽ 2015 മാർച്ച് 31 വരെയുള്ള കാലയളവിൽ വിരമിക്കുന്ന ജീവനക്കാരെ ആദരിച്ചു.സ്വാതന്ത്ര്യ സമര സേനാനി കൂടിയായ കൃപാനരേനുള്ള ഉപഹാരം സി.എം.ഡി. ഡോ. എം.അയ്യപ്പൻ സമ്മാനിച്ചു.തുടർന്ന് ജീവനക്കാരുടെ കലാപരിപാടികളും അരങ്ങേറി.



ശ്രീ കൃപാനരേന്റെ പഴയ ചിത്രം . ചടങ്ങിൽ വേദിയിൽ ഇടത്തുനിന്ന് ഒന്നാമത് ശ്രീ കൃപാ നരേൻ.

# സ്ത്രീ ശാക്തീകരണ ലക്ഷ്യത്തോടെ

# വേൾഡ് ഓഫ് വിമൻ

സ്ത്രീ ശാക്തീകരണമെന്ന ലക്ഷ്യത്തോടെ എച്ച് എൽഎൽ ലൈഫ്കെയർ ലിമിറ്റഡ് സംഘടിപ്പിച്ച 'വേൾഡ് ഓഫ് വിമൻ' (WOW) സെമിനാർ സ്ത്രീകൾക്ക് ഉയർന്ന നിലവാരമുള്ള ശാരീരിക-മാനസിക ആരോഗ്യം ഉറപ്പാക്കേണ്ടതിന്റെ ആവശ്യകത എടുത്തു കാട്ടി. മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന്റെ സഹകരണത്തോടെ എച്ച്എൽ എൽ പേരൂർക്കട ഫാക്ടറിയിലെ സർഗം ഓഡിറ്റോറിയത്തിലായിരുന്നു വനിതകളുടെ ആരോഗ്യം എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചത്. കേന്ദ്രസർക്കാർ സ്ഥാപനങ്ങൾ, ബാങ്കുകൾ, കോളേജുകൾ എന്നിവിടങ്ങളിൽ നിന്നും തെരഞ്ഞെടുത്ത 300 വനിതാ പ്രതിനിധികൾ സെമിനാറിൽ പങ്കെടുത്തു. എച്ച്എൽഎൽ ചെയർമാനും മാനേജിങ് ഡയറക്ടറുമായ ഡോ. എം. അയ്യപ്പൻ അധ്യക്ഷത വഹിച്ച ചടങ്ങിന്റെ ഉദ്ഘാടനം എഡിജിപി ശ്രീമതി ശ്രീലേഖ നിർവ്വഹിച്ചു.

സ്വന്തം ആരോഗ്യവും സൗന്ദര്യവും പരിഗണിക്കാതെ കുടുംബത്തിലെ മറ്റുള്ളവരുടെ ആവശ്യങ്ങൾക്ക് സ്ത്രീകൾ കൂടുതൽ പ്രാമുഖ്യം നൽകുന്ന പ്രവണതയാണ് നിലവിലുള്ളതെന്നു സെമിനാർ ഉദ്ഘാടനം ചെയ്ത് എ.ഡി.ജി.പി. ശ്രീലേഖ പറഞ്ഞു.

സ്വന്തം ആരോഗ്യത്തിനും സ്ത്രീകൾ മുൻതൂക്കം നൽകേണ്ടതുണ്ട്. സ്ത്രീകളുടെ മിക്കരോഗങ്ങളുടെയും കാരണം മാനസിക സമ്മർദ്ദവും മറ്റുമാണ്. എന്നാൽ സ്ത്രീകളുടെ മനസ്സും ശരീരവും ശുദ്ധമായിരുന്നാൽ സമ്പൂർണ്ണ ആരോഗ്യം വീണ്ടെടുക്കാനാകുമെന്നും അവർ വ്യക്തമാക്കി.

ഗുണനിലവാരമുള്ളതും ചെലവു കുറഞ്ഞതുമായ ആരോഗ്യ പരിരക്ഷാ ഉൽപ്പന്നങ്ങൾ സ്ത്രീകൾക്ക് ലഭ്യമാക്കുവാനാണ് എച്ച്എൽഎൽ ലക്ഷ്യമിടുന്നതെന്ന് സെമിനാറിൽ അധ്യക്ഷനായിരുന്ന എച്ച്എൽഎൽ സി.എം.ഡി. ഡോ. എം. അയ്യപ്പൻ പറഞ്ഞു. ഇത്തരമൊരു പ്രതിജ്ഞാബദ്ധതയുടെ ഭാഗമായാണ് 'വേൾഡ് ഓഫ് വുമൺ' എന്ന പേരിൽ വ്യത്യസ്തമായ സെമിനാർ സംഘടിപ്പിച്ചതെന്നും അദ്ദേഹം വ്യക്തമാക്കി. സ്തനാർബുദം, സെർവിക്കൽ കാൻസർ, ഗർഭനിരോധനം, ക്രമം തെറ്റിയ ആർത്തവം, ആരോഗ്യകരമായ ഭക്ഷണശീലം എന്നീ വിഷയങ്ങളിൽ ആർസിസി അസിസ്റ്റന്റ് പ്രൊഫസർ ഡോ.കലാവതി, എച്ച്എൽഎൽ ലൈഫ്കെയർ ലിമിറ്റഡ് ഗവേഷണ വിഭാഗത്തിലെ ശാസ്ത്രജ്ഞൻ ഡോ. ജി. രാജ് മോഹൻ, പോഷകാഹാര വിദഗ്ധയും ആരോഗ്യ വകുപ്പിലെ പ്രോഗ്രാം ഓഫീസറുമായ ഡോ. അനിത മോഹൻ, മെഡിക്കൽ കോളേജിലെ ഗൈനക്കോളജിസ്റ്റ് ഡോ. ഹേമ, ആയുർവ്വേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ഡോ. സുസ്മിത പ്രിയദർശിനി എന്നിവർ ക്ലാസ്സുകളെടുത്തു.



എച്ച്എൽഎൽ ലൈഫ്കെയർ ലിമിററഡ് മെയ് 23ന് സംഘടിപ്പിച്ച വേൾഡ് ഓഫ് വിമൻ സെമിനാർ എ.ഡി.ജി.പി. ശ്രീലേഖ ഉദ്ഘാടനം ചെയ്യുന്നു.

## സർഗം ഓഡിറ്റോറിയം

# സംഗീത നാടക അക്കാദമിയുടെ സ്ഥിരം വേദി

കേരള സംഗീത നാടക അക്കാദമി കേരളത്തിലുടനീളം എല്ലാ മാസവും നടത്തി വരുന്ന കലാപരിപാടികളുടെ തലസ്ഥാനത്തെ വേദികളിലൊന്നായി എച്ച്എൽഎൽ ലൈഫ്കെയർ ലിമിറ്റഡിന്റെ പേരൂർക്കടയിലെ സർഗം ഓഡിറ്റോറിയം മാറി. കലാവേദിയുടെ ഔദ്യോഗിക ഉദ്ഘാടനം മെയ് 16ന് പ്രശസ്ത പിന്നണി ഗായകൻ ശ്രീ എം.ജി. ശ്രീകുമാർ നിർവഹിച്ചു. എച്ച്എൽഎൽ ചെയർമാനും മാനേജിങ് ഡയറക്ടറുമായ ഡോ. എം. അയ്യപ്പൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ അക്കാദമി ചെയർമാൻ ശ്ര.ീ സൂര്യ കൃഷ്ണമൂർത്തി മുഖ്യാതിഥിയായിരുന്നു.

എല്ലാ മാസവും മൂന്നാമത്തെ ശനിയാഴ്ച വൈകുന്നേരം ആറിനാണ് പരിപാടികൾ നടക്കുക. തുടക്കത്തിൽ സിനിമയും കഥാപ്രസംഗവുമായിരിക്കും അക്കാദമിയുടെ അവതരണങ്ങളായി സർഗം ഓഡിറ്റോറിയത്തിൽ സംഘടിപ്പിക്കുന്നത്. തുടർന്ന് മറ്റു കലാരൂപങ്ങളും ഉൾപ്പെടുത്തും. എച്ച്എൽഎൽ കുടുംബാംഗങ്ങളെ കൂടാതെ പൊതുജനങ്ങൾക്കും പരിപാടി കാണാൻ അവസരമുണ്ട്. കേരള രാജ്യാന്തര ചലച്ചിത്ര മേളയിൽ പ്രദർശിപ്പിച്ച് പ്രേക്ഷക പ്രശംസ നേടിയ 'ഗെറ്റിങ് ഹോം' എന്ന ചിത്രമാണ് ഉദ്ഘാടന ചിത്രമായി പ്രദർശിപ്പിച്ചത്.



മെയ് 16ന് സർഗം ഓഡിറ്റോറിയം സംഗീത നാടക അക്കാദമിയുടെ സ്ഥിരം വേദിയാകുന്നതിന്റെ ഉദ്ഘാടന ചടങ്ങിൽ നിന്ന്.

# എച്ച്എൽഎല്ലിന്റെ ഗ്രീൻ കോണ്ടത്തിന് ബിൽ ആൻഡ് മെലിൻഡ ഗേറ്റ്സ് ഫൗണ്ടേഷൻ ധനസഹായം



"തീർത്തും നേർത്തതും ജൈവ സംസ്കരണം സാധ്യമായതുമായ ഉറകൾ ഗർഭ നിരോധന ഉറകളുടെ സ്വീകാര്യത വർധിപ്പിക്കുന്നതിന് സഹായകമാകും."
-ഡോ. ലക്ഷ്മിനാരായണൻ രഘുപതി

പുതുതലമുറ ഗർഭനിരോധന ഉറകൾ ഉണ്ടാക്കാനുള്ള എച്ച്എൽഎല്ലിന്റെ സ്വപ്നപദ്ധതി ബിൽ ആൻഡ് മെലിൻഡ ഗേറ്റ്സ് ഫൗണ്ടേഷന്റെ 'ഗ്രാൻഡ് ചലഞ്ചസ് എക്സ്പ്ലൊറേഷൻ' (ജിസിഇ) അവാർഡിന് അർഹമായി. ഗ്രീൻ കോണ്ടം എന്നറിയപ്പെടുന്ന ചെലവു കുറഞ്ഞതും പരിസ്ഥിതിസൗഹൃദവുമായ പോളിയസ്റ്റർ അധിഷ്ഠിത ഉറകൾക്കുള്ള പദ്ധതിയാണ് ഈ നേട്ടത്തിന് എച്ച്എൽഎല്ലിനെ അർഹമാക്കിയതെന്ന് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ. എം.അയ്യപ്പൻ പറഞ്ഞു.

ഒരു ലക്ഷം ഡോളറിന്റെ ഈ പുരസ്കാരം എച്ച്എൽഎല്ലിലെ ശാസ്ത്രജ്ഞനായ ഡോ. ലക്ഷ്മിനാരായണൻ രഘുപതി സമർപ്പിച്ച പദ്ധതിയുടെ നിർവ്വഹണത്തിനുള്ളതാണ്. ബിൽ ആൻഡ് മെലിൻഡ ഫൗണ്ടേഷന്റെ ഗ്രാൻഡ് ചലഞ്ചസ് എക്സ്പ്ലൊറേഷൻ റൗണ്ട് 12ലെ 50ലേറെ പദ്ധതികളിലൊന്നാണ് ഡോ. രഘുപതിയുടേത്. പോളിയസ്റ്റർ അസംസ്കൃതവസ്തുവായി ഉപയോഗിച്ചുകൊണ്ട് വരുംതലമുറ ഉറകൾ വികസിപ്പിക്കുകയാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഇത് വിജയിക്കുകയാണെങ്കിൽ കനം കുറഞ്ഞതും പരിസ്ഥിതി സൗഹൃദവുമായ ഉറകൾ കുറഞ്ഞ ചെലവിൽ ലഭ്യമാക്കാനാകും. ലോകത്തെ സ്ഥിരമായ ആരോഗ്യ വികസന വെല്ലുവിളികളെ നേരിടുന്നതിനുള്ള നൂതനാശയങ്ങൾ കണ്ടെത്തി പിന്തുണയ്ക്കുന്നതിനായി ആഗോളതലത്തിൽ ഗവേഷകർക്ക് ധനസഹായം നൽകുന്ന പദ്ധതിയാണ് ജിസിഇ. കാർഷിക വികസനം, മനോഭാവ മാറ്റം, മൃഗ- മനുഷ്യ ആരോഗ്യം എന്നിവ ഉൾപ്പെടെയുള്ള ആഗോള ആരോഗ്യ വികസന വിഷയങ്ങളിൽ വ്യക്തമായ ആശയം രണ്ടുപേജ് വരുന്ന ഓൺലൈൻ ആപ്ലിക്കേഷനിലൂടെ വിശദീകരിച്ചാണ് ഡോ.രഘുപതിയും മറ്റ് വിജയികളും ധനസഹായത്തിന് അർഹരായത്.

എച്ച്എൽഎല്ലിനും ഡോ. രഘുപതിക്കും ഇതൊരു വലിയ അംഗീകാരമാണെന്ന് ഡോ. അയ്യപ്പൻ പറഞ്ഞു. സാമൂഹ്യപ്രതിബദ്ധതയും നൂതനത്വവും ചേർത്തുവയ്ക്കുന്നതാണ് എച്ച്എൽഎല്ലിന്റെ രീതി. ഗർഭനിരോധന മാർഗങ്ങളുടെ പരിവർത്തനവിപ്ലവത്തിൽ ഈ പദ്ധതി മുന്നിലുണ്ടാകുമെന്നും പ്രത്യുൽപാദനാരോഗ്യ രംഗത്ത് തങ്ങൾ ലഭ്യമാക്കുന്ന മികച്ച ഉപാധികളൊന്നായിരിക്കുമിതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

തീർത്തും നേർത്തതും ജൈവ സംസ്കരണം സാധ്യമായതുമായ ഉറകൾ ഗർഭ നിരോധന ഉറകളുടെ വർദ്ധിച്ച ഉപഭോഗത്തിന് കാരണമാകുമെന്ന് എച്ച്എൽഎൽ കോർപ്പറേറ്റ് ഗവേഷണ വികസന വിഭാഗത്തിൽ (സിആർഡിസി) ജോലി ചെയ്യുന്ന ഡോ. രഘുപതി പറഞ്ഞു.

പോളിമർ ശാസ്ത്രജ്ഞനായ ഡോ. രഘുപതി 2012ലാണ് എച്ച് എൽ എല്ലിൽ ജോലിയിൽ പ്രവേശിച്ചത്. ഇതിനു മുമ്പ് ജർമനിയിലെ മാക്സ് പ്ലാങ്ക് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പോളിമർ റിസർച്ചിലെ യൂണിവേഴ്സിറ്റി ഓഫ് ഉലുമിൽ പോസ്റ്റ് ഡോക്ടറൽ ഫെലോ ആയിരുന്ന ഡോ. രഘുപതി ബ്രിട്ടനിലെ യൂണിവേഴ്സിറ്റി ഓഫ് മാഞ്ചസ്റ്ററിലും ജോലി ചെയ്തിട്ടുണ്ട്. 2006ൽ ബ്രിട്ടനിലെ ഹെറിയോട് - വാട്ട് സർവ്വകലാശാലയിൽ നിന്നാണ് ഡോക്ടറേറ്റ് നേടിയത്.

ജിസിഇ റൗണ്ട് 11ലും ഡോ. രഘുപതിക്ക് ധനസഹായം ലഭിച്ചിരുന്നു. റബറും ഗ്രാഫീനും സംയോജിപ്പിച്ച് തീർത്തും കനംകുറഞ്ഞതും കൂടുതൽ സംവേദനക്ഷമവുമായ ഉറകൾ വികസിപ്പിക്കുന്നതിനാണ് അത് ഉപയോഗിച്ചത്. ഉറകളുടെ കനം 0.07 മില്ലീമീറ്ററിൽ നിന്ന് 0.04 മില്ലിമീറ്ററാക്കി കുറയ്ക്കുകയും താപചംക്രമണത്തെ വർധിപ്പിക്കുകയുമാണ് ഗ്രാഫീൻ കലർത്തുന്നതിലൂടെ സാധ്യമായത്.

ഫൗണ്ടേഷൻ ഏർപ്പെടുത്തിയ ധനസഹായം നേടുന്ന എച്ച്എൽഎല്ലിലെ രണ്ടാമത്തെ ശാസ്ത്രജ്ഞനാണ് ഡോ. രഘുപതി. ആവരണമുള്ള കോപ്പർ ടി വികസിപ്പിക്കുന്ന പദ്ധതിയുടെ രണ്ടാംഘട്ടത്തിന് സിആർഡിസി ഡെപ്യൂട്ടി വൈസ് പ്രസിഡന്റ് ഡോ. എബി സന്തോഷ് അപ്രേം 8.6 ലക്ഷം ഡോളറിന്റെ ധനസഹായത്തിന് അർഹനായിരുന്നു. ബിൽ ആൻഡ് മെലിൻഡ ഗേറ്റ്സ് ഫൗണ്ടേഷൻ ധനസഹായം നൽകുന്ന 100 ദശലക്ഷം യുഎസ് ഡോളറിന്റെ പദ്ധതിയാണ് ഇത്. 2008ൽ തുടങ്ങിയ ഈ പദ്ധതിയിലൂടെ 55 രാജ്യങ്ങളിലെ 950ലേറെ പേർക്ക് ധനസഹായം ലഭിച്ചിട്ടുണ്ട്. പ്രാഥമിക ധനസഹായമായ ഒരു ലക്ഷം ഡോളർ വർഷത്തിൽ രണ്ടു തവണ നൽകും. വിജയകരമാകുന്ന പദ്ധതികൾക്ക് തുടർന്ന് 10 ലക്ഷം ഡോളർ വരെ ധനസഹായത്തിന് അവസരം ലഭിക്കും.




# മാതൃഭൂമി ലോകകപ്പ് സ്പെഷ്യൽ പുറത്തിറക്കി



എച്ച്എൽഎല്ലിന്റെ മൂഡ്സ് കോണ്ടവുമായി സഹകരിച്ച് 'മൂഡ്സ് ഓഫ് ഫിഫ' എന്ന പേരിൽ മാതൃഭൂമി പ്രസിദ്ധീകരിച്ച ലോകകപ്പ് ഫുട്ബോൾ സ്പെഷ്യൽ മാതൃഭൂമി സ്പോർട്സ് മാസികയുടെ പ്രകാശനം തിരുവനന്തപുരത്ത് എച്ച്എൽഎൽ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ. എം.അയ്യപ്പൻ ജൂൺ 3, 2014ൽ നടന്ന ചടങ്ങിൽ നിർവഹിച്ചു. മലയാള സിനിമാ താരം മണിയൻപിള്ള രാജു ആദ്യപ്രതി ഏററുവാങ്ങി. മുൻ ഇന്ത്യൻ ഫുട്ബോൾതാരം ഐ.എം വിജയൻ മുഖ്യാതിഥിയായി. എച്ച്എൽഎൽ സീനിയർ വൈസ് പ്രസിഡന്റ്(മാർക്കററിങ്)ഡോ.ബാബുതോമസ്, മാതൃഭൂമി ഡെപ്യൂട്ടി എഡിററർ വെച്ചൂച്ചിറ മധു എന്നിവർ സംസാരിച്ചു.



എച്ച്എൽഎല്ലിന്റെ നോൺസ്ററിറോയ്ഡൽ ഗർഭനിരോധന ഗുളികയായ സഹേലിയ്ക്ക് കാരണമായ ഓർമിലോക്സിഫിൻ വിപണിയിലെത്തിയിട്ട് രണ്ടു ദശാബ്ദം പിന്നിട്ട സാഹചര്യത്തിൽ എച്ച്എൽഎൽ സിആർഡിസിയിൽ ജൂൺ 30ന് നടന്ന ഏകദിന ദേശീയ സെമിനാർ എച്ച്എൽഎൽ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ. എം.അയ്യപ്പൻ ഉദ്ഘാടനം ചെയ്യുന്നു. ഡോ. എംഡി നായർ (ഫാർമസി ഇൻഡസ്ട്രി കൺസൽട്ടന്റ്), ഡോ. കെ ആർ എസ് കൃഷ്ണൻ(ഡയറക്ടർ ടെക്നിക്കൽ&ഓപ്പറേഷൻസ്)എന്നിവർ സമീപം.


## ഒററനോട്ടത്തിൽ



ഏപ്രിൽ 30ന് നടന്ന ആക്കുളം ചിയേഴ്സ് ക്ലബ്ബ് ദിനത്തോടനുബന്ധിച്ച് ക്ലബ്ബിന്റെ ഫേസ്ബുക്ക് പേജ് സി.എം.ഡി. ഡോ. എം. അയ്യപ്പൻ ലോഗ് ഇൻ ചെയ്ത് ഉദ്ഘാടനം ചെയ്യുന്നു.



പി.എഫ്.ടി. ജീവനക്കാർക്കായി മെയ് 18ന് സംഘടിപ്പിച്ച കുടുംബസംഗമം പരിപാടിയിൽ നിന്ന്.



സന്ധിവാതത്തെക്കുറിച്ച് ഏപ്രിൽ 23ന് തിരുവനന്തപുരം എസ്പി ഫോർട്ട് ആശുപത്രിയിലെ ഡോക്ടർ ഹരികുമാർ ക്ലാസ്സെടുക്കുന്നു.



ആന്വൽ മാർക്കറ്റിങ് കോൺഫറൻസ് പുതുശ്ശേരി ഏപ്രിൽ 7ന് സി.എം.ഡി. ഡോ. എം. അയ്യപ്പൻ ഉദ്ഘാടനം ചെയ്യുന്നു.



ഏപ്രിൽ 2ന് തിങ്ക് ടാങ്ക് പ്രോഗ്രാമിന്റെ ഭാഗമായി 'ചലഞ്ച് മാർക്കറ്റേഴ്സ് ഫേസ് ടുഡേ' എന്ന വിഷയത്തിൽ ഡോ. ബാബു തോമസ് (എസ്.വി.പി. - മാർക്കറ്റിങ്) സംസാരിക്കുന്നു.